(ബി) പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, വയനാട്, പാലക്കാട്, കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത റോഡുകളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് നടത്തിയിട്ടുണ്ട്. ഇത് കൂടുതൽ ജില്ലകളിൽ കൂടുതൽ റോഡുകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

റവന്യൂ വകുപ്പ് ശാക്തീകരണ പദ്ധതി

28 (*418) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ശാക്തീകരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) സംസ്ഥാനത്ത് റവന്യൂ-സർവ്വേ വകുപ്പുകളാണ് ജനങ്ങളുമായി അടുത്ത് ഇടപഴകുന്ന വകുപ്പുകൾ. ആയതിനാൽ ഈ വകുപ്പുകളുടെ ശാക്തീകരണത്തിനായി നിലവിലുണ്ടായിരുന്ന പല പദ്ധതികളും കാലാനുസൃതമായി പരിഷ്കരിച്ച് സുതാര്യവും, വേഗത്തിലും ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പരിഷ്കരിക്കുകയും, പുതിയ പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും വരുന്നു.

സാധാരണക്കാരുടെ ഭൂമി സംബന്ധമായും, സർവ്വേ സംബന്ധമായും മറ്റ് നിയമക്കുരുക്കിൽപ്പെടാത്ത പരാതികൾ, പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും നടത്തിയ റവന്യൂ-സർവ്വേ അദാലത്ത്. ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം 15-7-2015 വരെ 1,46,71,009

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. റവന്യൂ സർവ്വേ അദാലത്തിൽ ലഭിച്ച 4,76,375 പരാതികളിൽ 4,14.487 പരാതികൾ ഇതിനകം തീർപ്പാക്കി. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം രാജ്യത്തെ തന്നെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി കണ്ണൂർ, കാസർഗോഡ് ജില്ലകളെ പ്രഖ്യാപിച്ചു.

ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം, റവന്യൂ വകുപ്പിൽ നിന്ന് 24 ഇനം സർക്കിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. ജനങ്ങൾക്ക് അതിവേഗം, സുതാര്യമായി സേവനം ലഭ്യമാക്കുന്നതോടൊപ്പം ജീവനക്കാർക്ക് ജോലി ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട്, വില്ലേജ് ഓഫീസ് കം റസിഡൻഷ്യൽ ക്വാർട്ടേഴ്സ്, സ്മാർട്ട് വില്ലേജുകൾ, ആധുനിക സർവ്വേ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പോക്കുവരവ് സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനും, പോക്കുവരവ് സംവിധാനം സുതാര്യമാക്കുന്നതിനുമായിട്ട് നടപ്പാക്കുന്ന പദ്ധതികളാണ്. ഓൺലൈൻ പോക്കുവരവ് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുക, ഓൺലൈൻ നാൾവഴി ഓൺലൈൻ പേയ്മെന്റ് പരാതി പരിഹാര സംവിധാനം, വെർച്വൽ ഐ. റ്റി. കേഡർ എന്നിവ കൂടാതെ പുഴകളെ സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ച പരിസ്ഥിതി സൗഹൃദ പദ്ധതിയാണ് "പുഴ മുതൽ പുഴ വരെ" എന്ന പദ്ധതി.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ദുരന്ത സാധ്യതകൾ മുന്നിൽ കണ്ട് ദുരന്ത നിവാരണത്തിന് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം കൊടുത്തു. ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് ആസ്ഥാന മന്ദിരം, സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സെന്ററുകൾ, എമർജൻസി ഓപ്പറേഷൻ സെന്ററുകൾ എന്നിവ ഇവയിൽപ്പെട്ടതാണ്.

(ബി) റവന്യൂ വകുപ്പിനെ ആധുനികവത്കരിച്ച് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നവീന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വേഗത്തിലും ഗുണമേന്മയോടും സുതാര്യമായും ലഭ്യമാക്കുക, ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുക നദികളുടെയും പുഴകളുടെയും സംരക്ഷണം, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, സർവ്വേ നടപടികൾ വേഗത്തിലാക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) റവന്യൂ ദുരന്ത നിവാരണ വകുപ്പ്, സർവ്വേ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ഐ.റ്റി. മിഷൻ എന്നിവയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്ന വകുപ്പുകൾ.

(ഡി) റവന്യൂ സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട ജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള അദാലത്തുകൾ 14 ജില്ലകളിലും നടത്തിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭ്രരഹിതരില്ലാത്ത കേരളം 2015 പദ്ധതിയുടെ ഒന്നാംഘട്ടമായി 14 ജില്ലകളിലുമായി 36491 ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിച്ചിരുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സെന്ററുകൾ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്.

ജില്ലകൾതോറും എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പൂർണ്ണ സജ്ജീകരണത്തോടുകൂടി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വില്ലേജ് ഓഫീസ്-കം-റസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വില്ലേജ് ഓഫീസ്-കം റസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

ജി.പി.എസ്, ഇ.റ്റി.എസ് എന്നീ ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തി ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉൾപ്പെടുത്തികൊണ്ട് മോഡേൺ ഗവൺമെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേ (MGRTCS) (മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട്) എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മണൽ ആഡിറ്റിംഗ്

29 (*419) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നദികളിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്; എത്ര നദികളിലെ മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly